**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **11-10-2021 - ൽ മറുപടിയ്ക്ക്**

**പാതയോരങ്ങളിൽ ശുചിമുറികളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ, സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏത് സമയത്തും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ശുചിമുറികൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ബഹു. കേരള മുഖ്യമന്ത്രിയുടെ 12 ഇന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ടേക്ക് എ ബ്രേക്ക്" പൊതു ശുചിമുറി സമുച്ചയ നിർമ്മാണ പദ്ധതി. ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, ട്രാൻസ്പോർട്ട് ബസ്സ് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങി ജനങ്ങൾ ഒരുമിച്ചെത്തുന്ന പ്രദേശങ്ങളിലും ഏതുസമയത്തും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പടെ സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ശുചിമുറി സമുച്ചയങ്ങളും കോഫിഷോപ്പോട്ടു കൂടിയ ഉന്നത നിലവാരമുള്ള വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കി വരുന്നത് ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് രണ്ട് എണ്ണം , നഗരസഭകളിൽ അഞ്ചും കോർപ്പറേഷനുകളിൽ എട്ടെണ്ണം വീതവുമായി ആകെ 2365 ശുചിമുറി സമുച്ചയങ്ങൾ ഘട്ടംഘട്ടംമായി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പണി പൂർത്തീകരിച്ച 100 ശുചിമുറി സമുച്ചയങ്ങളുടെ ഉദ്ഘാടനം നടത്തി കഴിഞ്ഞ വർഷം നാടിന് സമർപ്പിച്ചിരുന്നു. ആയതിന്റെ രണ്ടാം ഘട്ടമായി പണി പൂർത്തീകരിച്ച 118 ശുചിമുറി സമുച്ചയങ്ങളുടെ പണി പൂർത്തിയാക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 07.09.2021-ന് നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ശുചിമുറികളോടനുബന്ധിച്ച് കോഫി ഷോപ്പുകളോട് കൂടിയ വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; മറ്റെന്തെല്ലാം സംവിധാനങ്ങളാണ് | (ബി) | ഉണ്ട്. ശുചിമുറികളോടനുബന്ധിച്ച് വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻ വെന്റിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ ഉണ്ടാകും. സ്ഥലമുള്ള ഇടങ്ങളിൽ Coffee Shop/ refreshment centre കൂടി |

| | | | |
|---|---|---|---|
| | ഇതോടനുബന്ധിച്ച് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | | സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾക്കുൾപ്പെടെയുള്ളവർക്ക് പ്രയോജനം ചെയ്യുന്ന പ്രസ്തുത പദ്ധതി പൂർണമായി പ്രാവർത്തികമാകുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ ഏതു സമയത്തും സുരക്ഷിതമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ വൃത്തിയും സുരക്ഷിതത്വവും ആധുനിക സൗകര്യങ്ങളോടു കൂടിയ ശുചിമുറികളാണ് നിർമ്മിക്കുന്നത്. കുടുംബസമേതം യാത്ര ചെയ്യുന്നവർക്ക് ഏറെ പ്രയോജനകരമാണ് ഈ പദ്ധതി. സമ്പൂർണ്ണ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി ശുചിമുറികളുടെ പരിപാലന ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖേന നിർവ്വഹിക്കുന്നു. പ്രീമിയം തലത്തിലെ ശുചി മുറി കോംപ്ലക്സുകളോടു ചേർന്ന് കോഫിഷോപ്പ് റിഫ്രഷ്മെന്റ് കേന്ദ്രങ്ങളുമുണ്ട്. ടൂറിസം വികസന രംഗത്ത് ഏറെ പ്രയോജനകരമായ ഒരു പദ്ധതിയുടെ സാക്ഷാത്ക്കാരമാണ് ഈ പദ്ധതി. അന്യ സംസ്ഥാനങ്ങളിൽനിന്നും വിദേശത്ത് നിന്നും എത്തുന്ന വിനോദ സഞ്ചാരികളുൾപ്പെടെയുള്ള യാത്രക്കാർക്ക് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനാകും. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാന സർക്കാരിന്റെ 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ പൊതു ടോയിലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നവീകരണവും നിർമ്മാണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 27/07/2020-ലെ സ.ഉ. (സാധാ)നം. 1401/2020/തസ്വഭവ നമ്പർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, ട്രാൻസ്പോർട്ട് ബസ്സ് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങി ജനങ്ങൾ ഒരുമിച്ചെത്തുന്ന പ്രദേശങ്ങളിലും ഏതുസമയത്തും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പടെ സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ശുചിമുറി സമുച്ചയങ്ങളും കോഫിഷോപ്പോടു കൂടിയ ഉന്നത നിലവാരമുള്ള വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതാണ് ഈ പദ്ധതി. പ്രസ്തുത കേന്ദ്രത്തിൽ വിശ്രമ സ്ഥലം, കുടിവെള്ളം, നാപ്കിൻ വെന്റിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ ഉണ്ടാകണം. സ്ഥലമുള്ളയിടങ്ങളിൽ ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം കോഫിഷോപ്പ്/റിഫ്രഷ്മെന്റ് സെന്ററുകൾ കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം നിർമ്മിക്കേണ്ടുന്ന ശുചിമുറി സമുച്ചയങ്ങളെ സ്ഥലലഭ്യതയുടേയും ദിവസവും ഉപയോഗിക്കാൻ സാധ്യതയുള്ള ആൾക്കാരുടെ എണ്ണത്തേയും അടിസ്ഥാനമാക്കി അടിസ്ഥാനതലം, സ്റ്റാൻഡേർഡ് തലം, പ്രീമിയം തലം എന്നിങ്ങനെ മൂന്നു വിഭാഗങ്ങളാക്കി തരംതിരിച്ചിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ ഏതു സമയത്തും സുരക്ഷിതമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ വൃത്തിയും സുരക്ഷിതത്വവും ആധുനിക സൗകര്യങ്ങളോടു കൂടിയ ശുചിമുറികളാണ് നിർമ്മിച്ചിട്ടുള്ളത്. കുടുംബസമേതം യാത്ര ചെയ്യുന്നവർക്ക് ഏറെ പ്രയോജനകരമാണ് ഈ പദ്ധതി. സമ്പൂർണ്ണ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ശുചിമുറികളുടെ പരിപാലന ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖേന നിർവ്വഹിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിനോദ സഞ്ചാരികൾക്കും, ചരക്കുകൾ എത്തിക്കുന്ന മറ്റു യാത്രക്കാർക്കും ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

പദ്ധതിയുടെ ഭാഗമായി ആധുനിക സൗകര്യങ്ങളോടെയുള്ള (കോഫി ഷോപ്പോടു കൂടിയ) 165 ശുചി മുറികളുടെ നിർമ്മാണം പ്രത്യേകമായി ലക്ഷ്യമിടുന്നു കൂടാതെ പ്രവർത്തനക്ഷമമല്ലാത്ത ശുചിമുറികൾ നവീകരിച്ച് പ്രവർത്തന സജ്ജമാക്കിയതുൾപ്പെടെ മൂന്നു തരം ശുചിമുറി സമുച്ചയങ്ങളാണ് പണിതിട്ടുള്ളത്. ഒരു ദിവസം 150 ആൾക്കാർക്ക് ഉപയോഗിക്കാവുന്ന അടിസ്ഥാന തലം, 150 ൽ കൂടുതൽ ആൾക്കാർക്ക് ഉപയോഗിക്കാവുന്ന സ്റ്റാൻഡേർഡ് തലം, ആധുനിക സൗകര്യങ്ങളോടെയുള്ള പ്രീമിയം തലം എന്നിവയാണ് മേൽപറഞ്ഞ മൂന്നുതരം ശുചി മുറികൾ. സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ ഏതു സമയത്തും സുരക്ഷിതമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ വൃത്തിയും സുരക്ഷിതത്വവും ആധുനിക സൗകര്യങ്ങളോടു കൂടിയ ശുചിമുറികളാണ് നിർമ്മിച്ചിട്ടുള്ളത്. കുടുംബ സമേതം യാത്ര ചെയ്യുന്നവർക്ക് ഏറെ പ്രയോജനകരമാണ് ഈ പദ്ധതി. സമ്പൂർണ്ണ ശുചിത്വം ഉറപ്പു വരുത്തുന്നതിനായി ശുചിമുറികളുടെ പരിപാലന ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖേന നിർവ്വഹിക്കുന്നു. പ്രീമിയം തലത്തിലെ ശുചി മുറി കോംപ്ലക്സുകളോടു ചേർന്ന് കോഫിഷോപ്പ് റിഫ്രഷ്മെന്റ് കേന്ദ്രങ്ങളുമുണ്ട്. ടൂറിസം വികസന രംഗത്ത് ഏറെ പ്രയോജനകരമായ ഒരു പദ്ധതിയുടെ സാക്ഷാത്ക്കാരമാണ് ഈ പദ്ധതി. കൂടാതെ ആഭ്യന്തര വിദേശ ടൂറിസം രംഗത്ത് ദീർഘകാലമായി നില നിന്ന ഒരു പ്രശ്നത്തിന് ശാശ്വത പരിഹാരവുമാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിനോദ സഞ്ചാരികളുൾപ്പെടെയുള്ള യാത്രക്കാർക്ക് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുന്നതോടെ കേരളത്തിന്റെ ടൂറിസം രംഗത്ത് അഭിമാനകരമായ മാറ്റമാണ് ഉണ്ടാകുന്നത്.